**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ വികസന അതോറിറ്റികളിലെ ജീവനക്കാരുടെ പുനർ വിന്യാസം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ. (കൈ)നം. 317/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 25/09/2013.**

==========================================================================

പരാമർശം: 1. 21. 05. 2013 ലെ സ. ഉ. (കൈ)നം. 191/2013/ തസ്വഭവ

2. 06-07-2013 ലെ സ.ഉ. (കൈ)നം. 245/2013/തസ്വഭവ

3. തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ 28.06.2013 ലെ ഡി.ഡബ്ള്യൂ/14496/13 നം.കത്ത്

4. 16.07.213 ലെ തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറിയുടെ നം.1/എസ്റ്റാ/13/ റ്റി.ഡി. എ. നം കത്ത്.

## ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, വികസന അതോറിറ്റികളുടെ പ്രവർത്തനങ്ങൾ തുടരുന്നതിന് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മേൽ വികസന അതോറിറ്റികളിലെ സ്ഥിരം ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു പരാമർശം (3) (4) എന്നിവയിലെ കത്ത് പ്രകാരം ഇത്തരം ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് വ്യക്തത ആവശ്യമാണെന്ന് തൃശ്ശൂർ നഗരസഭ സെക്രട്ടറിയും, തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9 താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ വികസന അതോറിറ്റികളിൽ നിന്നും പരാമർശം (2) പ്രകാരം ബന്ധപ്പെട്ട കോർപ്പറേഷനുകൾക്ക് കൈമാറിയതും പ്രസ്തുത കോർപ്പറേഷനുകളിൽ 'വികസന വിഭാഗം' ആയി നിലനിൽക്കുന്നതുമായ ജീവനക്കാരെ അതാതു വികസന അതോറിറ്റികളിലേക്ക് ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാർ അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യേണ്ടതും പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ബന്ധപ്പെട്ട വികസന അതോറിറ്റികൾ പൂർണ്ണമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന തീതിയിൽ തന്നെ തുടർന്നും ലഭ്യമാകുന്നതാണ്.

ബന്ധപ്പെട്ട വികസന അതോറിറ്റി / നഗരസഭ സെക്രട്ടറിമാർ തുടർ നടപടികൾ മേൽ ഉത്തരവ് പ്രകാരം സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (1) - ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ഡോ. രാജൻ ഖോബ്രഗഡെ
സെക്രട്ടറി.

1. ചെയർമാൻ, തിരുവനന്തപുരം, കൊല്ലം, വിശാല കൊച്ചി, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റി സെക്രട്ടറി. ഡോ. രാജൻ ഖോബ്രഗഡെ
2. സെക്രട്ടറി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരസഭകൾ.
3. പ്രിൻസിപ്പൽ അക്കൗണ്ട ന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ.), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
6. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം
7. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
8. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ
9. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
10. ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ ,തിരുവനന്തപുരം
    തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
11. തദ്ദേശ സ്വയംഭരണ (ഇയു/ഡബ്ളിയു )വകുപ്പുകൾ
12. സഞ്ചിത ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എ യ്ക്ക്.